<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :570</u> <u>29.01. 2019 -ൽ മറുപടിക്ക്</u>

# വൈദ്യുതി ബോർഡിലെ ഓൺലൈൻ ട്രാൻസ്ഫർ

<u>ചോദ്യം</u>

ശ്രീ.വി.ആർ.സുനിൽ കുമാർ

<u>ഉത്തരം</u>

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡ് നിലവിൽ ലാഭത്തിലാണോ എന്ന് വ്യക്തമാക്കാമോ; | (എ) 2017 - 18 സാമ്പത്തിക വർഷത്തെ കണക്ക് പ്രകാരം കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2017 - 18 സാമ്പത്തിക വർഷം 784.09 കോടി രൂപയാണ് നഷ്ടം രേഖപ്പെടുത്തിയിരിക്കുന്നത്. |
| (ബി) വൈദ്യുതി ബോർഡിലെ ഓഫീസർമാർ, മറ്റ് സ്റ്റാഫ് എന്നിവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) വൈദ്യുതി ബോർഡിലെ നിലവിലുള്ള ഓഫീസർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും തസ്തിക തിരിച്ചുള്ള എണ്ണം പട്ടികയായി ഉള്ളടക്കം ചെയ്യുകൊള്ളുന്നു. |

<u>24.01.2019 - ലെ വൈദ്യുതി ബോർഡിലെ ഓഫീസർ തസ്തികകളിലുള്ള ജീവനക്കാരുടെ എണ്ണം</u>

| | |
|---|---|
| അക്കൗണ്ട്സ് ഓഫീസർ | 38 |
| അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 79 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) [അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രമോഷൻ നൽകിയ 142 എണ്ണം ഉൾപ്പെടെ] | 1986 |
| അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 214 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 622 (താത്കാലിക അപ്ഗ്രേഡ് സ്ഥാനങ്ങളുൾപ്പെടെ) |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 139 |
| അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 16 |
| ഫിനാൻസ് ഓഫീസർ | 23 |
| ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 14 |
| ചീഫ് എഞ്ചിനീയർ (സിവിൽ) | 4 |

| | |
|---|---|
| ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 66 |
| ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ) | 12 |
| ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 55 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 216 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 51 |
| സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 |
| സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 52 |
| സീനിയർ ഫിനാൻസ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1128 |
| ചീഫ് ഇന്റേണൽ ആഡിറ്റർ | 1 |
| ചീഫ് പേഴ്സണൽ ഓഫീസർ | 1 |
| ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| ഫെയർകോപ്പി സൂപ്രണ്ട് | 2 |
| ഫിനാൻഷ്യൽ അഡ്വൈസർ | 1 |
| ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് | 1 |
| റീജിയണൽ പേഴ്സണൽ ഓഫീസർ | 1 |
| ഡയറക്ടർ (ഇലക്ട്രിക്കൽ) | 3 |
| ഡയറക്ടർ (സിവിൽ) | 1 |
| ആകെ | **4731** |

24.01.2019 – ലെ വൈദ്യുതി ബോർഡിലെ വർക്ക്മെൻ തസ്തികകളിലുള്ള ജീവനക്കാരുടെ എണ്ണം

| | |
|---|---|
| കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് | 828 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 19 |
| ഡ്രൈവർ | 207 |
| ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 106 |
| ലൈൻമെൻ | 9434 |
| മസ്ദൂർ | 5155 |
| മീറ്റർ റീഡർ | 410 |
| ഓഫീസ് അറ്റൻഡന്റ് | 506 |
| ഓവർസിയർ (ഇലക്ട്രിക്കൽ) | 5223 |
| ഓവർസിയർ (സിവിൽ) | 14 |

| | |
|---|---|
| സീനിയർ അസിസ്റ്റന്റ്/ സൂപ്രണ്ട് | 2499 |
| സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 106 |
| സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) [സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രമോഷൻ നൽകിയ 141 എണ്ണം ഉൾപ്പെടെ] | 3336 |
| സബ് എഞ്ചിനീയർ (സിവിൽ) [സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്ക് റൂൾ 31 (a) പാർട്ട് II KS&SSR പ്രകാരം താത്കാലിക പ്രമോഷൻ നൽകിയ 15 എണ്ണം ഉൾപ്പെടെ] | 455 |
| ക്ലറിക്കൽ അറ്റൻഡർ | 1 |
| ഡ്യൂപ്ലിക്കേറ്റ് ഓപ്പറേറ്റർ | 1 |
| ഫോർമാൻ ഗ്രേഡ് - II | 2 |
| ജൂനിയർ എഞ്ചിനീയർ | 5 |
| ഫാർമസിസ്റ്റ് | 1 |
| സ്കാവഞ്ചർ | 2 |
| സീനിയർ ലൈൻ ഫിറ്റർ | 1 |
| സ്കിൽഡ് ടെക്നീഷ്യൻ ഗ്രേഡ് - I | 7 |
| സ്വീപ്പർ | 15 |
| **ആകെ** | **28333** |
| പി.റ്റി.സി. സ്വീപ്പർ | 293 |

| | |
|---|---|
| (സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്ഫർ വിജയകരമാണോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയ ഓൺലൈൻ ട്രാൻസ്ഫർ വിജയകരമാണ്.<br><br>2017 മുതലാണ് വൈദ്യുതി ബോർഡിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയത്. 2017 - ൽ ഭാഗികമായിട്ട് നടപ്പിലാക്കിയ ഓൺലൈൻ ട്രാൻസ്ഫർ 2018 - ൽ പൂർണ്ണമായ രീതിയിൽ പ്രാവർത്തികമാക്കി. ട്രാൻസ്ഫർ പ്രക്രിയ സുതാര്യമായിട്ടും, കഴിയുന്നത്ര പരാതിരഹിതമായിട്ടും യാതൊരുവിധത്തിലുള്ള ബാഹ്യഇടപെടലുകൾ ഇല്ലാതെയും നടത്താൻ ഓൺലൈൻ ട്രാൻസ്ഫർ മുഖേന സാധിച്ച |

| | |
|---|---|
| | വർക്ക്മെൻ വിഭാഗത്തിലുള്ള ജീവനക്കാർക്കും ഓഫീസർ വിഭാഗത്തിലുള്ള ജീവനക്കാർക്കും പ്രത്യേകമായി ആവിഷ്കരിച്ചിട്ടുള്ള സ്ഥലംമാറ്റ മാനദണ്ഡ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയത്. സ്ഥലംമാറ്റ സംബന്ധമായ കേസുകളും ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയതുമുതൽ വളരെയേറെ കുറഞ്ഞിട്ടുണ്ട്. |
| (ഡി) ഓൺലൈൻ ട്രാൻസ്ഫർ ലഭ്യമായ ജീവനക്കാരിൽ നിന്നും ഇതുസംബന്ധിച്ച അഭിപ്രായങ്ങൾ തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ഓൺലൈൻ ട്രാൻസ്ഫർ ലഭ്യമായ ജീവനക്കാരിൽ നിന്നും ട്രാൻസ്ഫർ സംബന്ധിച്ച അഭിപ്രായങ്ങൾ തേടിയിട്ടില്ല, അങ്ങനെയൊരു നടപടിക്രമം ബോർഡിലില്ല. എന്നാൽ ജീവനക്കാർ അംഗങ്ങളായിട്ടുള്ള അംഗീകൃത സംഘടനകളുമായി കൂടിയാലോചിച്ചാണ് ട്രാൻസ്ഫർ നടപ്പാക്കുന്നത്. ട്രാൻഫറിനെ സംബന്ധിക്കുന്ന അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും പ്രസ്തുത സംഘടനകൾ ബോർഡിൽ സമർപ്പിക്കുന്നുണ്ട്. ഓൺലൈൻ ട്രാൻസ്ഫറിന് എതിരായി യാതൊരു പരാതിയും സംഘടനകൾ ഉന്നയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ